**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - മലപ്പുറം ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീമതി. ആമിന. പി യുടെ അന്യത്രസേവനകാലം ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ)നം.**472/2019/തസ്വഭവ** തീയതി,തിരുവനന്തപുരം. **01/03/2019**

---

പരാമർശം :1) സർക്കുലർ നം.42/13/ഫിൻ തീയതി: 10/03/2013.

2) സ.ഉ.(സാധാ) നം.1034/15/തസ്വഭവ, തീയതി 31/03/2015.

3) സ.ഉ.(സാധാ) നം.3179/16/തസ്വഭവ, തീയതി 23/11/2016.

4) സ.ഉ.(സാധാ) നം.1601/17/തസ്വഭവ, തീയതി 01/04/2017.

5) സ.ഉ.(സാധാ)നം.1061/2018/തസ്വഭവ, തീയതി16/04/2018.

6) ശ്രീമതി ആമിന.പി യുടെ 14.01.2019 ലെ അപേക്ഷ.

7) മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 18.01.2019 ലെ പി4-1130/15 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്ര സേവനകാല വ്യവസ്ഥയിൽ ജോലിചെയ്യുന്ന വ്യവസായ വാണിജ്യ വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I ശ്രീമതി. ആമിന. പി യ്ക്ക് അന്യത്രസേവനകാല വ്യവസ്ഥയിലുള്ള നിയമനം ദീർഘിപ്പിച്ച് നല്കണമെന്നഭ്യർഥിച്ച് പരാമർശം (6) പ്രകാരം ടിയാൾ സമർപ്പിച്ച അപേക്ഷ പരാമർശം (7) പ്രകാരം മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സർക്കാരിൽ സമർപ്പിച്ചു. ശ്രീമതി. ആമിന.പി യ്ക്ക്പരാമർശം (2) ഉത്തരവ് പ്രകാരം മലപ്പുറം ജില്ലാ പഞ്ചായത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി അന്യത്രസേവനകാല വ്യവസ്ഥയിൽ നിയമനം നല്കുകയും പരാമർശം (3), പരാമർശം (4), പരാമർശം (5) എന്നീ ഉത്തരവുകൾ പ്രകാരം ഒരോ വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകുകയും ചെയ്തു. ശ്രീമതി. ആമിന.പി യുടെ അന്യത്ര സേവനകാല വ്യവസ്ഥയിലുള്ള നിയമന കാലാവധി 31.03.2019 ൽ അവസാനിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പരാമർശം (1) സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരവും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ

അടിസ്ഥാനത്തിലും മലപ്പുറം ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് വ്യവസായ വാണിജ്യ വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I ശ്രീമതി. ആമിന. പി യ്ക്ക് 01.04.2019 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനകാലവ്യവസ്ഥയിൽ നിയമനം ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

3) അനുവദിക്കപ്പെട്ട അന്യത്ര സേവനത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപ് കാലാവധി ദീർഘിപ്പിച്ച് ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭിയ്ക്കാത്ത പക്ഷം അനുവദനീയമായ കാലയളവ് അവസാനിക്കുന്ന ദിവസം അന്യത്ര സേവനത്തിലുള്ള ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥയെ വിടുതൽ ചെയ്യേണ്ടതാണ്. അന്യത്ര സേവന കാലാവധി അവസാനിക്കുകയും മാതൃ വകുപ്പിലേക്ക് തിരിച്ചു പോകാതിരിക്കുകയും ചെയ്താൽ ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥയ്ക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രിമെന്റിനോ കണക്കാക്കുന്നതല്ല. കൂടാതെ ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യത്തോടെ തടയപ്പെടുകയും അന്യത്ര സേവന കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥയെ ശമ്പളവും മറ്റ് അലവൻസുകളും കൈപ്പറ്റുന്നതിൽ നിന്നും വിലക്കേണ്ടതുമാണ്. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് ക്രമീകരിക്കുന്നതല്ല

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ. ബി**

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രസിഡൻറ്/സെക്രട്ടറി, മലപ്പുറം ജില്ലാ പഞ്ചായത്ത്, മലപ്പുറം
ജില്ലാ ട്രഷറി ഓഫീസർ, മലപ്പുറം
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
ശ്രീമതി ആമിന.പി, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സെക്രട്ടറി, മലപ്പുറം ജില്ലാ പഞ്ചായത്ത് മുഖേന)
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.(ഇപിഎ 1/118/2019/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

Danya M S

സെക്ഷൻ ഓഫീസർ